# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.944      30.11.2018 ലെ മറുപടി

### പമ്പ ആക്ഷൻ പ്ലാൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.മുരളീധരൻ : | കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പമ്പ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് നാളിതുവരെ സർക്കാർ അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; | (എ) പമ്പാ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് നാളിതുവരെ 39.77 കോടി രൂപ ചെലവഴിച്ചു. ഇതിൽ 7.75 കോടി കേന്ദ്രവിഹിതവും ബാക്കി സംസ്ഥാനവുമാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) പ്രസ്തുത പ്ലാൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;<br><br>(സി) പ്രളയം ബാധിച്ചതിന്റെ പശ്ചാത്തലത്തിൽ പമ്പ ആക്ഷൻ പ്ലാൻ നടപ്പിലാക്കാൻ സത്വര നടപടി സ്വീകരിക്കുമോ? | (ബി) & (സി) പമ്പാ നദിയുടെ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പമ്പാ ആക്ഷൻപ്ലാൻ. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നാഷണൽ റിവർ കൺസർവേഷൻ ഡയറക്ടറേറ്റ് പമ്പാ ആക്ഷൻ പ്ലാൻ ഒന്നാം ഘട്ടത്തിന് 2003-ൽ 18.5 കോടി രൂപയുടെ അംഗീകാരം നല്കി. ടി പദ്ധതിയുടെ സാമ്പത്തിക അനുപാതം 70% കേന്ദ്ര വിഹിതവും 30% സംസ്ഥാന വിഹിതവും ആയിരുന്നു. 01.04.2015 മുതൽ 50:50 ഉം 01.04.2016 മുതൽ ഇത് 60:40 ഉം ആണ്. പമ്പാ ആക്ഷൻ പ്ലാൻ പ്രാരംഭ ഘട്ടത്തിൽ നോഡൽ ഏജൻസി കേരള വാട്ടർ അതോറിറ്റി ആയിരുന്നു. ടി പദ്ധതിയുടെ പ്രവൃത്തികളുടെ നിർവ്വഹണം ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്നിവരെയാണ് ഏല്പിച്ചത്. ഇതിൽ ജലസേചന വകുപ്പിൻറെയും കേരള |

വാട്ടർ അതോറിറ്റിയുടെയും പ്രവൃത്തികൾ പൂർത്തിയായി. ദേവസ്വം ബോർഡിന്റെ ചില പ്രവൃത്തികൾ ഇനിയും പൂർത്തിയാകാനുണ്ട്.

പമ്പാ ആക്ഷൻ പ്ലാൻ രണ്ടാം ഘട്ടത്തിന്റെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇതിനായി ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, വനം വകുപ്പ്, ദേവസ്വം ബോർഡ്, എൽ.എസ്.ജി.ഡി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, റാന്നി എം.എൽ.എ ശ്രീ.രാജു എബ്രഹാം എന്നിവരെ ഉൾപ്പെടുത്തി 31.05.2017, 20.06.2017, 17.01.2018, 28.02.2018, 07.03.2018, 21.04.2018 എന്നീ തീയതികളിൽ മീറ്റിംഗുകൾ നടത്തി. എല്ലാ വകുപ്പുകളും അവരുടെ കരട് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശ പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**